(സി) ഗ്രേഡ്-2 അറ്റൻഡർ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തവരെ പാർട്ട്ടൈം തസ്തികയിൽ സ്ഥിരമായി നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഒ.പി.നം. 14317 ഓഫ് 2001-ലെ വിധി അനുസരിച്ച് ഇവരെ ഹെൽത്ത് സർവ്വീസിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുവർണ്ണ ജൂബിലി വർഷത്തിൽ ആരോഗ്യ വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ)&(ബി) സുവർണ്ണ ജൂബിലി വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർകോട്, പാലക്കാട് ജില്ലകളിൽ ആരെയും നിയമിച്ചിട്ടില്ല. കൊല്ലം ജില്ലയിൽ 2001-ൽ 100 പേർക്കും 2002-ൽ 80 പേർക്കും 2003-ൽ 110 പേർക്കും ആലപ്പുഴ ജില്ലയിൽ 17 പേർക്കും പത്തനംതിട്ട ജില്ലയിൽ 28 പേർക്കും കോട്ടയം ജില്ലയിൽ 26 പേർക്കും തൃശൂർ ജില്ലയിൽ 29 അറ്റന്റർ ഗ്രേഡ്-2 67 പാർട്ട്ടൈം ക്ലീനർമാർക്കും വയനാട് ജില്ലയിൽ 13 പേർക്കും ഇടുക്കി ജില്ലയിൽ 24 പേർക്കും നിയമനം നൽകി ജോലി ചെയ്തിട്ടുണ്ട്.

(സി)&(ഡി) അറ്റൻഡർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തവരെ പാർട്ട്ടൈം തസ്തികയിൽ സ്ഥിരമായി നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒ.പി.നം.14317/2001-ലെ വിധി അനുസരിച്ച് ഇവരെ ഹെൽത്ത് സർവ്വീസിൽ അറ്റൻഡർ ഗ്രേഡ്-2 തസ്തികയിൽ തുടരാൻ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല എന്ന വിവരം 20-12-2001-ൽ അവരെ അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിലെ താൽക്കാലിക ജീവനക്കാർ

159 (1628) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാരുണ്ട് ;

(ബി) അവരുടെ തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1197 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികൾ

സ്റ്റാഫ് നഴ്സ്	486 എണ്ണം
ജെ.പി.എച്ച്.എൻ.	60 എണ്ണം
ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-1	249 എണ്ണം
ആകെ	794 എണ്ണം

ഹോമിയോപ്പതി വകുപ്പ്

ക്ലാർക്ക് ടൈപ്പിസ്റ്റ്	1 എണ്ണം
പി.റ്റി.എസ്.	1 എണ്ണം
ആകെ	2 എണ്ണം

നാട്ടുചികിത്സാ വകുപ്പ്

ഫാർമസിസ്റ്റ്	22 എണ്ണം
അറ്റൻഡർ	43 എണ്ണം
പി.റ്റി.എസ്	22 എണ്ണം
ആകെ	87 എണ്ണം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ലക്ചറർമാർ	29 എണ്ണം
ഫിസിയോതെറാപ്പിസ്റ്റ്	5 എണ്ണം
ബയോമെഡിക്കൽ എൻജിനീയർ	1 എണ്ണം
മെക്കാനിക്കൽ എൻജിനീയർ	1 എണ്ണം
കാർഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പാത്തോളജിസ്റ്റ്	1 എണ്ണം
സ്റ്റാഫ് നഴ്സ്	133 എണ്ണം
ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2	126 എണ്ണം
ആകെ	296 എണ്ണം

ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

	കോളേജ്	ആശുപത്രി
സ്വീപ്പർ-കം-ക്ലീനർ	-	1
സാനിട്ടേഷൻ വർക്കർ	2	1
ക്ലീനർ	3	-
ലാബ് ടെക്നീഷ്യൻ	-	1
കുക്ക്	-	2
ആകെ	5	5

LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ലാബ് ടെക്നീഷ്യൻ	3
നഴ്സ്	3
എ.എൻ.എം.	1
ഫാർമസിസ്റ്റ്	1
ആകെ	8

നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി റേറ്റ്

160 (1629) ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി റേറ്റ് എത്രയാണെന്ന് അറിയിക്കാമോ ;

(ബി) സർച്ചാർജ് കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) തീരാധാരങ്ങളുടെ നിലവിലുള്ള മുദ്രസല നിരക്ക്, വസ്തു പഞ്ചായത്തിൽപ്പെട്ടതാണെങ്കിൽ വിലയുടെ/പ്രതിഫലത്തിന്റെ 10% (6% മുദ്രസല+4% സർചാർജ്) വസ്തു മുനിസിപ്പാലിറ്റിയിൽപ്പെട്ടതാണെങ്കിൽ 12.5% (8.5% മുദ്രസല + 4% സർചാർജ്) വസ്തു കോർപ്പറേഷനിൽപ്പെട്ടതാണെങ്കിൽ 13.5% (8.5% മുദ്രസല+5% സർചാർജ്) എന്ന നിരക്കിലാണ്. ശേഷിക്കുന്ന കാരണങ്ങളുടെ മുദ്രസല കേരള മുദ്രപ്പത്ര നിയമം 1959 അനുസരിച്ചാണ്.

(ബി) സർച്ചാർജ് കുറയ്ക്കുന്ന കാര്യം പരിഗണനയിലാണ്.

പുതിയ സബ് രജിസ്ട്രാർ ഓഫീസുകൾ

161 (1630) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സബ് രജിസ്ട്രാർ ഓഫീസുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സാമ്പത്തിക വർഷം എത്ര സബ് രജിസ്ട്രാർ ഓഫീസുകളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(സി) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ പഞ്ചായത്തിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് നിർദ്ദേശം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly